(ഡി) 29 ഐ. ടി. സി.-കൾ തുടങ്ങാൻ അനുവാദം നൽകി. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) ഉണ്ടായിരുന്നു. തമ്പാനൂർ വികടറി എഡ്യൂക്കേഷനൽ സൊസൈറ്റി സെക്രട്ടറിയിൽനിന്നും ഒരപേക്ഷ ലഭിച്ചിട്ടുണ്ട്.

(എഫ്) അല്ല.

(ജി) ഒന്നുംതന്നെയല്ല.

(എച്ച്) ഈ വർഷം അനുവാദം നൽകാൻ സാദ്ധ്യമല്ല.

വർക്കല തുരപ്പ്

189 [291] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല തുരപ്പ് ഗതാഗതയോഗ്യമല്ലാതെ കിടക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരന്തരം മണ്ണിടിഞ്ഞുവീണ് ഗതാഗത തടസ്സമുണ്ടാകുന്ന കനാലിന്റെ രണ്ടുഭാഗവും സ്ലാബ് കെട്ടി തോട് സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തോട് സംരക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശാശ്വതപരിഹാരമുണ്ടാവണമെങ്കിൽ തോട് പുറമ്പോക്കിലുള്ള കയ്യേറ്റം മാറ്റേണ്ടിയിരിക്കുന്നു.

പമ്പാ ഇറിഗേഷൻ പ്രോജക്ടിലെ സ്പെഷ്യൽ ആഫീസർ

190 [292] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയുള്ള പമ്പാ ഇറിഗേഷൻ പ്രോജക്ടിലെ സ്പെഷ്യൽ ആഫീസറുടെ ഇപ്പോഴത്തെ പ്രധാന ജോലികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഉദ്യോഗസ്ഥൻ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഡി. എ., ടി. എ. ഇനത്തിൽ എത്ര രൂപ കൈപ്പറ്റിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മാവേലിക്കരയിൽ പമ്പാ ഇറിഗേഷൻ പ്രോജക്ടിന്റെ സ്പെഷ്യൽ ആഫീസറായി ആരേയും നിയമിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

---

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly